**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 687** **09-08-2023 - ൽ മറുപടിയ്ക്ക്**

**കിഴക്കമ്പലം ഖാദി ഇൻഡസ്ട്രിയൽ കോംപ്ലക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ കിഴക്കമ്പലം ഖാദി ഇൻഡസ്ട്രിയൽ കോംപ്ലക്സിൽ ഏതെല്ലാം യൂണിറ്റുകളാണ് പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിലെ കിഴക്കമ്പലം ഖാദി ഇൻഡസ്ട്രിയൽ കോംപ്ലക്സിൽ ഫയൽ ബോർഡ് നിർമ്മാണ യൂണിറ്റ്, പേപ്പർ ക്യാരി ബാഗ് യൂണിറ്റ്, ഡിറ്റർജെന്റ് പാക്കിങ് യൂണിറ്റ് എന്നിവ പ്രവർത്തിച്ചുവരുന്നു. |
| (ബി) | പ്രസ്തുത കോംപ്ലക്സിൽ പുതുതായി ആരംഭിച്ച ഖാദി ബ്രൈറ്റ് ഡിറ്റർജന്റ് യൂണിറ്റിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (ബി) | 5528 കിലോ ഖാദി ബ്രൈറ്റ് ഡിറ്റർജെന്റ് പാക്ക് ചെയ്തു. അതിൽ 5175 കിലോ വില്പന നടത്തി. ബാക്കി സ്റ്റോക്കുള്ള 353 കിലോ വില്പന നടക്കുന്നമുറയ്ക്ക് ഉൽപാദനം തുടങ്ങുന്നതാണ്. |
| (സി) | 2022-23 വർഷത്തെ വ്യവസായ വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന സ്റ്റാർച്ച് യൂണിറ്റ്, ഗാർമെന്റ് യൂണിറ്റ് എന്നിവ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | കിഴക്കമ്പലം ഗ്രാമ വ്യവസായ യൂണിറ്റിൽ അനുവദിച്ച സ്റ്റാർച്ച് യൂണിറ്റ്, റെഡിമെയ്ഡ് ഗാർമന്റ് യൂണിറ്റ് എന്നിവ പ്ലാൻ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ